# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **3647** 15.12.2014-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.എ.വാഹീദ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശ നിയമം നടപ്പിലാക്കാത്ത എത്ര വകുപ്പുകളെ കൂടി പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ; | (എ) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ 2(ജി) വകുപ്പിൽ പരാമർശിച്ചിരിക്കുന്നതും പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതുമായ സേവനങ്ങൾ നൽകുന്ന എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. ഇപ്രകാരമുള്ള സേവനങ്ങൾ നൽകുന്ന ഒരു വകുപ്പിനേയും ടി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. |
| (ബി) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് മുൻപ് ഓരോ വകുപ്പിലും ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ വിശദമായ വർക്ക് സ്റ്റഡി നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ സേവനം നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഇല്ല. ഓരോ വകുപ്പിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾ എത്ര സമയപരിധിയ്ക്കുള്ളിൽ നൽകാൻ കഴിയും എന്ന് വ്യക്തമായി നിശ്ചയിക്കാൻ കഴിയുന്നത് അതത് വകുപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക് തന്നെയായതിനാൽ, സേവനങ്ങൾ നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് അതത് വകുപ്പുകൾ/സ്ഥാപനങ്ങൾ തന്നെയാണ്. |

(സി) ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന സേവനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

(സി) 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമത്തിന്റെ 2(ജി) വകുപ്പിൽ പരാമർശിക്കുന്നതും പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ട തുമായ സേവനങ്ങൾ നൽകുന്ന വകുപ്പുകൾ അത്തരം സേവനങ്ങൾ നൽകുന്നതിനുള്ള സമയ പരിധി ഗസറ്റിൽ പ്രസിദ്ധപ്പെടു ത്തേണ്ടതും ആയത് ഓഫീസുകളിൽ പ്രദർശിപ്പിക്കേണ്ടതുമുണ്ട്. ഈ വിജ്ഞാപനങ്ങൾ അതത് വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംസ്ഥാനത്തെ 117 വകുപ്പുകളിലെ സേവനം സംബന്ധിച്ച് അതത് വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് സർക്കാർ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

സെക്ഷൻ ഓഫീസർ